# ഉപയോഗിച്ച സാനിറ്ററി പാഡുകൾ ശാസ്ത്രീയമായി സംസ്കരിച്ച് പൾപ്പും പ്ലാസ്റ്റിക്കും ആക്കി മാറ്റുന്ന സാങ്കേതികവിദ്യ.

## പ്രശ്നം

• ഒരു സാനിറ്ററി നാപ്കിൻ ദ്രവിക്കാൻ 500 മുതൽ 800 വർഷം വരെ എടുക്കുന്നു.
• നിലവിൽ ഇവ കത്തിക്കുകയോ കുഴിച്ചിടുകയോ ചെയ്യുന്നതാണ് പതിവ്.
• ഇത് പലവിധത്തിലുള്ള പാരിസ്ഥിതികാരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

## പ്രശ്ന പരിഹാരം

• ഉപയോഗിച്ച സാനിറ്ററി പാഡുകൾ കത്തിക്കാതെ തന്നെ സംസ്കരിച്ചെടുത്ത് പ്ലാസ്റ്റിക്കും പൾപ്പുമായി മാറ്റുന്നതിനായുള്ള നൂതന സാങ്കേതികവിദ്യ.




• കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള മോഡലിന്റെ പരീക്ഷണ ഓട്ടം മഹാബലേശ്വറിലാണ് നടത്തിയത്.
• ഹബ് ആൻഡ് സ്പോക്ക് മാതൃകയിൽ ഹരിത കർമ സേനയുടെ സഹായത്തോടെ വീടുകളിൽ നിന്നും സാനിറ്ററി നാപ്കിനുകൾ ശേഖരിക്കുന്ന ഒരു പ്രത്യേക സംവിധാനം ഇതിനായി രൂപപ്പെടുത്താൻ സാധിക്കും.

## സവിശേഷതകൾ

• സംസ്കരിച്ച സാനിറ്ററി പാഡിൽ നിന്നുമുള്ള പ്ലാസ്റ്റിക്, റീസൈക്കിളേഴ്സ്ന് കൊടുക്കുകയും പൾപ്പ്, സ്റ്റേഷണറി വസ്തുക്കളും പേപ്പർ ഉൽപ്പന്നങ്ങളും നിർമ്മിക്കാൻ ഉപയോഗിക്കുകയും ചെയ്യുന്നു.
• ശേഖരണ ബിന്നുകൾ, കേന്ദ്രീകൃത സംസ്കരണ യൂണിറ്റ്, മലിനജല സംസ്കരണ പ്ലാന്റ് എന്നിവ ഈ സംവിധാനത്തിൽ ഉൾപ്പെടുന്നു.
• ലാൻഡ് ഫില്ലിംഗിനെ അപേക്ഷിച്ച് കാർബൺ പുറന്തള്ളൽ 58% കുറവ്
• കത്തിക്കുന്നതിനേക്കാൾ കാർബൺ പുറന്തള്ളൽ 68% കുറവ്
• പുകയോ ജലമലിനീകരണമോ ഇല്ല
• ദുർഗന്ധം ഉണ്ടാകുന്നില്ല
• നിലവിലുള്ള ഇൻസിൻറേഷനും ലാൻഡ് ഫില്ലിങ്ങിനും ബദൽ പരിഹാരം.
• പേറ്റന്റ് നേടിയ 5D സാങ്കേതികവിദ്യ.
• 19 നഗരങ്ങളിൽ പ്രവർത്തിക്കുന്നു.
• 47.6 ലക്ഷം സാനിറ്ററി പാഡുകൾ റീസൈക്കിൾ ചെയ്തു

## ബിന്നിന്റെ സവിശേഷതകൾ

• ബാക്റ്റീരിയയുടെ വളർച്ചയെ തടയുന്നതും ദുർഗന്ധം വരാതിരിക്കാനുള്ള സംവിധാന ത്തോടും കൂടിയ ബിന്നുകളാണ് സ്കൂളു കളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കുന്നത്.

• സംഭരണശേഷി 75 പാഡുകൾ

• കൈകൊണ്ട് ബിന്നുകളിൽ തൊടാതെ ബിന്നുകൾ തുറക്കുവാനും അടക്കുവാനും സാധിക്കും

• 99.99% ബാക്ടീരിയൽ ലോക്ക്

• പുനചംക്രമണം ചെയ്ത പ്ലാസ്റ്റിക്കിൽ നിന്ന് നിർമ്മിച്ചത്

• ശുചിമുറിയിൽ കളക്ഷൻ ബിന്നുകൾ സ്ഥാപിക്കാം.

• റിയാക്ഷനോ ദുർഗന്ധമോ ഉണ്ടാക്കാതെ 30 ദിവസം വരെ പാഡുകൾ ബിന്നിനുള്ളിൽ സൂക്ഷിക്കാം.

• ബിൻ പൂർണ്ണ ശേഷിയിൽ നിറഞ്ഞാൽ അത് താനെ ലോക്ക് ആകും.

• വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുവാൻ അനുയോജ്യം

## സർട്ടിഫിക്കേഷനുകൾ

• മലിനീകരണ നിയന്ത്രണ ബോർഡിന്റെയും പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെയും (MOEFCC), അംഗീകാരവും ലഭിച്ചിട്ടുണ്ട്.

• IAPMO ഹൈജീൻ മാർക്ക് സർട്ടിഫിക്കേഷൻ

• നാസ്കോമിന്റെ ഇന്നൊവേറ്റീവ് സ്റ്റാർട്ടപ്പ് അവാർഡ് 2019

• 2020 ൽ മികച്ച ആർത്തവ ശുചിത്വ മാനേജ്മെന്റ് വിഭാഗത്തിൽ FICCI-ISC അവാർഡ് ലഭിച്ചു.

